**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **27-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലക്ക് നൽകി വരുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്ക് വഴി കാർഷിക വികസന പദ്ധതികൾക്കായി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് നൽകി വരുന്നത്; | (എ) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വഴി വിവിധ കാർഷിക വായ്പകൾ, കാർഷിക പലിശരഹിത വായ്പകൾ ,സ്വർണ്ണപണയത്തിന്മേൽ മിതമായ പലിശനിരക്കിൽ കാർഷിക വായ്പകൾ എന്നിവ നൽകി വരുന്നു. കാർഷിക വിപണന കേന്ദ്രങ്ങൾ, ഗ്രാമീണ മാർക്കറ്റ്, വളം ഡിപ്പോകൾ, കർഷകസേവന കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം വഴി വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ, സബ്സിഡി നിരക്കിൽ കീടനാശിനികൾ മറ്റ് അനുബന്ധ ഇനങ്ങൾ എന്നിവയും നൽകി വരുന്നു. ഗ്രീൻ നെഴ്സറികൾ വഴി കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള വിത്തുകളും തൈകളും വിതരണം ചെയ്ത് വരുന്നു.<br><br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാലകാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കി നിലവിലും ടി പദ്ധതി തുടർന്ന് വരുന്നു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിപണനത്തിന് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുള്ള ‘ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്’ എന്ന പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിൽ സഹകരണ കോപ്പ് മാർട്ട് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് കാർഷികവായ്പകൾ ലഭ്യമാക്കുക, കാർഷിക ഉൽപ്പന്നങ്ങൾ ന്യായവിലകൊടുത്ത് സംഭരിക്കുക, അവ പൊതുവിപണിയിൽ വിപണനം |

നടത്തുക, സംസ്ഥാനം ഭക്ഷ്യസ്വയം പര്യാപ്തത നേടുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം സഹകരണ വകുപ്പ് ആരംഭിച്ച 'സുഭിക്ഷകേരളം പദ്ധതി' വഴി കർഷകർക്ക് മികച്ച സേവനങ്ങൾ നൽകി വരുന്നു.

കൃഷി പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം (വീട്ടുപടിക്കൽ ശേഖരണം), സംഭരണം,മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം സഹകരണമേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതനപദ്ധതി'. 7 ഉപഘടകങ്ങൾ ഉൾപ്പെടുന്ന ടി പദ്ധതിയിൽ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി 2250.00ലക്ഷം രൂപയാണ് 2022-23 സാമ്പത്തികവർഷം വകയിരിത്തിയിട്ടുള്ളത്.

ചെറുകിട കർഷകർക്ക് കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള KB കിസാൻ മിത്ര പദ്ധതി പ്രകാരം (3 ലക്ഷത്തിന് മുകളിൽ) കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം കേരള സംസ്ഥാന സഹകരണ ബാങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്. VPPCK യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി KB കിസാൻ മിത്ര (VFPCK) പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് വാഡി പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി KB വാഡി പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി KB-FPO എന്ന പ്രത്യേക

| | | | |
|---|---|---|---|
| | | | വായ്പാ പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണകേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സഹായമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായമാകുന്നു. ടി പദ്ധതി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയും നടപ്പാക്കി വരുന്നു. |
| (ബി) | നിലവിലുള്ള സേവനങ്ങൾക്ക് പുറമെ പുതിയ എന്തൊക്കെ സേവനങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ തിരഞ്ഞെടുത്ത 7 ജില്ലകളിലായി (തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കാട്, കണ്ണൂർ) സർക്കാറിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 500 ഏക്കർ കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷിക്കാരിലൂടെ നടപ്പിലാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.<br><br>സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് ഓരോ ജില്ലയിലും കുറഞ്ഞത് 5 FPO (കാർഷിക ഉൽപ്പാദന സംഘടന) ഓറിയന്റേഷൻ യോഗങ്ങൾ നടത്തുന്നതിന് പദ്ധതിയുണ്ട്. കൂടാതെ പരമാവധി FPO കളെ കണ്ടെത്തി അവരുടെ കാർഷിക ആവശ്യങ്ങൾക്ക് പരമാവധി വായ്പ നൽകുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്ക് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ